(ഖ) പിന്നോക്ക വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക സർവ്വേ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, സംസ്ഥാനത്തെ 60-ലധികം വരുന്ന പിന്നോക്ക ജാതി വിഭാഗങ്ങളുടെ സാമൂഹിക-വിദ്യാഭ്യാസ-സാമ്പത്തിക രംഗത്തെ പിന്നോക്കാവസ്ഥ പരിശോധിച്ച് വിലയിരുത്തുന്നതിനായി പത്ത് വർഷത്തിലൊരിക്കൽ സർവ്വേ നടത്താറുണ്ട്. 1997-ലാണ് അവസാനമായി സർവ്വേ നടന്നത്. 2007-ൽ സർവ്വേ നടക്കേണ്ടതായിരുന്നു. യഥാസമയം തന്നെ ക്യാബിനറ്റ് അതിന് അനുമതി നൽകുകയും ചെയ്തിരുന്നു. വിവിധ വകുപ്പ് തലങ്ങളിലെ അനാസ്ഥ കാരണം നാലുവർഷം കഴിഞ്ഞിട്ടും അത് നടപ്പിലായില്ല. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പും ധനകാര്യ വകുപ്പും ആസൂത്രണ വകുപ്പും പരസ്പരം പഴിചാരുകയാണ്. 11.5 കോടി രൂപയാണ് ഇതിന് ചെലവായി വരുന്നത്. ധനകാര്യ വകുപ്പിന്റെ അനുമതിയില്ലാതെ ക്യാബിനറ്റിൽ ഫയൽ എത്തിച്ചുവെന്നാണ് ധനകാര്യ വകുപ്പ് പറയുന്നത്. ധനകാര്യ വകുപ്പ് അനുമതി നൽകാത്തതിനാൽ അംഗീകരിക്കാനാവില്ലെന്ന് ആസൂത്രണ വകുപ്പും പറയുന്നു. ഇതിനാവശ്യമായ പണം എസ്സി/എസ്ടി വകുപ്പ് കണ്ടെത്തണമെന്നാണ് ഏറ്റവും ഒടുവിൽ പറയുന്നത്. ഇതിന് അഡീഷണൽ ഓതറൈസേഷൻ കണ്ടെത്തിയെങ്കിൽ മാത്രമേ ഈ കാര്യം പരിഹരിക്കാൻ കഴിയുകയുള്ളൂ. സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ 70 ശതമാനത്തോളം വരുന്ന എൺപതോളം വിവിധ പിന്നോക്ക ജാതിയിൽപ്പെടുന്നവരുടെ ആവശ്യങ്ങളും ആനുകൂല്യങ്ങളും ഇതുകാരണം നിഷേധിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഏത് അപേക്ഷകൾ വന്നാലും താഴെത്തട്ടുകളിൽ നിന്ന് അറിയിക്കുന്നത് സർവ്വേയ്ക്ക് ശേഷം മാത്രമേ തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ എന്നാണ്. ഈ സാഹചര്യത്തിൽ ഈ സർവ്വേ അടിയന്തിരമായി നടത്തുന്നതിനാവശ്യമായ നടപടി സർക്കാർ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): കേരള പിന്നോക്ക സമുദായ കമ്മീഷൻ നിയമത്തിലെ 11(1) പ്രകാരം 1993-ൽ നിലവിൽ വന്ന നിയമത്തിൽ എല്ലാ പത്ത് വർഷത്തിലൊരിക്കൽ നിലവിലുള്ള പിന്നോക്ക വിഭാഗങ്ങളുടെ ലിസ്റ്റ് പുനപ്പരിശോധിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. നിയമത്തിലെ 11 (2) പ്രകാരം ഇത്തരം പുനപ്പരിശോധന നടത്തേണ്ടത് പിന്നോക്ക വിഭാഗ കമ്മീഷനുമായി ആലോചിച്ചുവേണം എന്നും നിർദ്ദേശിക്കുന്നുണ്ട്. നിലവിലുള്ള പിന്നോക്ക വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥയും ഇത്തരം സർവ്വേയിലൂടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മാത്രമേ നിലവിലുള്ള പിന്നോക്ക വിഭാഗങ്ങളുടെ സംവരണത്തിനായുള്ള ലിസ്റ്റും സംവരണത്തോതും പുനപ്പരിശോധിക്കാൻ സർക്കാരിന് കഴിയുകയുള്ളൂ. 1993-ൽത്തന്നെ ഒരു സർവ്വേ നടത്താൻ പിന്നോക്ക വിഭാഗ കമ്മീഷൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും അത്തരം ഒരു സർവ്വേ ആരംഭിക്കുകയുണ്ടായില്ല. ഇതിനായി 28-2-1995-ൽ 81/95-ാം നമ്പരായി സർക്കാർ ഉത്തരവ് ഇറക്കിയെങ്കിലും സർവ്വേ നടത്തുന്നതിനായി തയ്യാറാക്കിയ ചോദ്യാവലിയിൽ ഉണ്ടായ തർക്കങ്ങളെത്തുടർന്ന് 15-9-1998-ൽ

LIBRARY ARCHIVES Kerala Legislative Assembly

സർവ്വേ ഉപേക്ഷിക്കുകയും ചെയ്തു. നിയമം നിലവിൽ വന്ന് 10 വർഷം കഴിഞ്ഞതിനാൽ 29-4-2004-ലും 2-12-2004-ലും പിന്നോക്ക വിഭാഗ കമ്മീഷൻ സർവ്വേ നടത്തണമെന്നാവശ്യപ്പെട്ട് അന്നത്തെ സർക്കാരിന് കത്തുകൾ നൽകിയെങ്കിലും ഇതിൻമേലും യാതൊരു നടപടികളുമുണ്ടായില്ല. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമം അനുശാസിക്കുന്ന രീതിയിൽ സാമൂഹിക സാമ്പത്തിക സർവ്വേ നടത്തുന്നതിനായി നടപടികൾ സ്വീകരിക്കുകയും 13-4-2007-ന് 24/2007 ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. സർവ്വേ നടത്താൻ ആസൂത്രണ ധനകാര്യ വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിനായി ഇക്കണോമിക് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 10 കോടി 90 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഈ തുക അനുവദിച്ചുകിട്ടുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര പ്ലാനിംഗ് കമ്മീഷനോട് 19-6-2009-ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇക്കാര്യം 2010-11 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിൽ നിർദ്ദേശിച്ചതായി സമർപ്പിച്ച് ചർച്ച നടത്താൻ കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ 15-7-2009-ന് നിർദ്ദേശിക്കുകയാണുണ്ടായത്. 2010-11 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഇതിനുള്ള തുക അനുവദിക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇക്കാര്യത്തിൽ നേരത്തെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചപോലെ തീരുമാനം ഉണ്ടായിട്ടില്ല. 2010-12 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിൽ ഇതിനുള്ള തുക അനുവദിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ സംസ്ഥാന പ്ലാനിംഗ് ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വാർഷിക പദ്ധതിയുടെ അന്തിമ ചർച്ചയിൽ പ്ലാനിംഗ് ബോർഡ് കേന്ദ്ര പ്ലാനിംഗ് കമ്മീഷനുമായി ചർച്ച ചെയ്ത് സർവ്വേക്ക് ആവശ്യമായിട്ടുള്ള ഫണ്ട് അടുത്ത ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സർവ്വേക്ക് ആവശ്യമായിട്ടുള്ള ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് സർവ്വേ ആരംഭിക്കുന്നതാണ്.

(19) കർഷകന് ഭൂമി ലഭ്യമാക്കാൻ നടപടി

ശ്രീ. പി. കൃഷ്ണപ്രസാദ്: അടിയന്തരാവസ്ഥക്കാലത്ത് ചില ഫോറസ്റ്റ് ഉദ്യോഗസ്ഥർ നടത്തിയ ക്രൂരത മൂലം നിയമപരമായി അവകാശപ്പെട്ട സ്വന്തം കൃഷിഭൂമി നഷ്ടപ്പെട്ട് കഴിഞ്ഞ 34 വർഷമായി ദുരിതം അനുഭവിക്കുന്ന ഒരു കുടുംബത്തിന് നീതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട ഒരു വിഷയമാണ് സബ്മിഷനായി ഞാൻ ഉന്നയിക്കുന്നത്. 1977-ലെ ഒരു വിജ്ഞാപനപ്രകാരം വനഭൂമിയാണെന്ന് നിയമസഭയെപ്പോലും തെറ്റിദ്ധരിപ്പിച്ചതായി 2000-ൽ നടന്ന വിജിലൻസ് അന്വേഷണത്തിൽ തെളിഞ്ഞതാണ്. വ്യാജരേഖകൾ ഉണ്ടാക്കി ഗവൺമെന്റിനേയും ഡിപ്പാർട്ടുമെന്റിനേയും ഒരുപോലെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് 34 വർഷമായി ഈ ഭൂമി നിഷേധിച്ചതിനെതിരെ കളക്ടറും വിജിലൻസും നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ നിഗമനങ്ങളുടേയും അടിസ്ഥാനത്തിൽ 2006-ലെ എൽ.ഡി.എഫ്. സർക്കാർ മന്ത്രിസഭാ തീരുമാനപ്രകാരം ഈ ഭൂമി വിട്ടുകൊടുക്കാൻ തീരുമാനിച്ചതാണ്. നിലവിലുള്ള ഹൈക്കോടതി വിധിയിൽ ഈ ഭൂമി വനഭൂമിയാണെന്നു പരാമർശിച്ചിട്ടുള്ളതിനാൽ

LIBRARY ARCHIVES Kerala Legislative Assembly